പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 315

28/10/2019 ൽ മറുപടി നല്കേണ്ടത്.

## ഭക്ഷ്യസുരക്ഷാ വകുപ്പ് ശാക്തീകരണം

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | ഉത്തരം<br>ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
|---|---|---|
| എ ) ഫാസ്റ്റ് ഫുഡ് സംസ്കാരത്തിലേക്ക് വലിയ വിഭാഗം ജനങ്ങൾ മാറിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;<br><br>ബി) വിൽപ്പനയ്ക്ക് തയ്യാറാക്കിയിട്ടുള്ള ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുവാനുള്ള നിരന്തര പരിശോധനകൾ നടത്തുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും എണ്ണം പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ;<br><br>സി) പ്രസ്തുത അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | എ), ബി) & സി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും, 3 ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും, എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള 3 അനലിറ്റിക്കൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ നിരവധി ബോധവൽക്കരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഫുഡ്സേഫ്റ്റി ട്രെയിനിംഗ് ആന്റ് സർട്ടിഫിക്കേഷൻ (FoSTaC) ,റീ പർപ്പസ്സ് യൂസ്ഡ് കുക്കിംഗ് ഓയിൽ (RUCO) , ബ്ലിസ്സ്ഫുൾ ഹൈജീനിക് ഒഫറിംഗ് റ്റു ഗോഡ് (BHOG) , സേഫ് ആന്റ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ (SNF@School) , ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് 'സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത്' തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. ഭക്ഷ്യസുരക്ഷ സംബന്ധിച്ചുള്ള പരാതികളിൽ ഉടനടി പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി 24 മണിക്കൂറും |

പ്രവർത്തിക്കുന്ന ക്വിക്ക് റസ്പോൺസ് ടീം (QRT) സംവിധാനം എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ സിവിൽ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. കണ്ണൂർ ജില്ല കേന്ദ്രമാക്കി ഒരു അനലിറ്റിക്കൽ ലാബും ഗവേഷണകേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്താനുള്ള നിരന്തര പരിശോധനകൾ 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തുന്നതിന് 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ സ്വകാര്യവാഹനങ്ങൾ വാടകയ്ക്കെടുത്തും ഉപയോഗിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ